**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*258 09.07.2015 -ലെ മറുപടിയ്ക്ക്

# ഏകീകൃത അക്കാഡമിക് കലണ്ടർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>,, വർക്കല കഹാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാഡമിക് കലണ്ടർ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മൂലം കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ കൃത്യസമയത്ത് നടത്തി വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനും ജോലി ലഭിക്കുന്നതിനുമുള്ള പ്രയാസങ്ങൾ ഒഴിവാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദശിക്കുന്നത്. |
| (സി) | ഇത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ ; | (സി) | ഉണ്ട് |
| ഡി) | എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | 2015-16 അദ്ധ്യായന വർഷം മുതൽ ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം നടപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലവനായി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ് ,കണ്ണൂർ, |

| | | | |
|---|---|---|---|
| | | | കൊച്ചി ശാസ്ത്ര സാങ്കേതിക, സംസ്കൃത സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, പരീക്ഷ കൺട്രോളർമാർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളാണ്. |

**സെക്ഷൻ ഓഫീസർ**